കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാവൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെഎസ്എ/കെഎൻആർ/സി11/2242/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ -670001.
e-Mail: lfaddistofficeknr@gmail.com
Phone : 04972- 707698.
തീയതി: 07.02.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
പേരാവൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :പേരാവൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത് രാജ് നിയമം, പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഇ-മെയിൽ വഴി )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി.

PVP

നം.കെ.എസ്.എ/കെ.എൻ.ആർ/സി11/2242/2016.

തീയ്യതി : 07.02.2017.

# കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

## ആമുഖം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

.

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05-12-2016 മുതൽ 19-12-2016 വരെ |

.

| | | |
|---|---|---|
| | | തസ്തിക |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ശ്രീ. ബാബുരാജ് മടപ്പുരത്ത് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. ആൽബർട്ട് ജോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ. സുധാകരൻ | 01.04.15മുതൽ<br>30.10.15 വരെ |
| ഭരണ നിർവഹണസമിതി | ശ്രീ.പി. എം. രമണൻ<br>(സെക്രട്ടറി ഇൻ-ചാർജ്)<br>കൃഷി ഓഫീസർ - ശ്രീ.പി. സുഭാഷ്<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ –<br>ശ്രീമതി.ഷേർളി. ടി.കെ | 01.11.15 മുതൽ<br>30.11.15 വരെ |
| പ്രസിഡന്റ് | ശ്രീമതി. ജിജി ജോയി | 12.11.15 മുതൽ<br>31-03-16 വരെ |
| സെക്രട്ടറി | ശ്രീ.എം. കെ. പ്രഭാകരൻ | 01.04.15 മുതൽ<br>31.10.15 വരെ |
| | സെക്രട്ടറി – ശ്രീ.പി. എം. രമണൻ<br>(അധിക ചുമതല) | 01.11.15 മുതൽ<br>30.11.15 വരെ |
| | ശ്രീ.ടി. പി. ശശീന്ദ്രൻ | 01.12.15 മുതൽ<br>14.12.15 വരെ<br>01.03.16 മുതൽ<br>04.03.16 വരെ |
| | ശ്രീ.ജോസഫ് സാമുവൽ | 15.12.15 മുതൽ<br>29.02.16 വരെ |
| | ശ്രീ.എം. രവീന്ദ്രൻ | 05.03.16 മുതൽ<br>31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രമേശൻ. ടി | 01.04.15മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | ശ്രീ.പി. സുഭാഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീമതി.രാജശ്രീ വാഴയിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഷേർളി. ടി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ TH | ഡോ. എ. സദാനന്ദൻ | 01.04.2015 മുതൽ 22.05.2015 വരെ |

| | | |
|---|---|---|
| | ഡോ. പി പി രവീന്ദ്രൻ | 23.05.2015 മുതൽ 15.03.2016 വരെ |
| | ഡോ. സുരേഷ്കുമാർ | 16.03.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. മനോജ്കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. പി. സന്തോഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ബി. ജി. മഞ്ചപ്പ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വി. ആർ. വിജയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി. എം. രമണൻ | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീ.ടി. പി. ശശീന്ദ്രൻ | 01.12.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 –പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വളർത്തു നായകൾക്ക് ഉടമസ്ഥർ ലൈസൻസ് എടുക്കുന്നില്ല | 2-1 |
| 12 | വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 2-2 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-3 |

| | | |
|---|---|---|
| 14 | വസ്തു നികുതി - കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി ഊർജ്ജിതപ്പെടുത്തണം | 2-4 |
| 15 | സ്ഥാപനതൊഴിൽ നികുതി - വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നില്ല. | 2-5 |
| | ഭാഗം 3 –ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | പ്രത്യേക കർമ്മ പദ്ധതി ഹാജരാക്കാതെ എൻ എസ്എസ് യൂണിറ്റിന് ധനസഹായം നൽകി | 3-1 |
| 17 | വായന ശാലകൾക്ക് ദിന പത്രം വിതരണം – സാക്ഷ്യപത്രം ലഭ്യമല്ല 1,428/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | പഞ്ചായത്തിന്റെ ഡോക്യുമെന്ററി തയ്യാറാക്കൽ -സർക്കാർ അനുമതി ഇല്ലാതെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 19 | കുടുംബശ്രീ ബാലസഭ ബാല കൌമാര കായിക പദ്ധതി – സർക്കാർ അനുമതി ഇല്ലാതെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച . 1,30,364/- രൂപയുടെ ചെലവ് തടപ്പെടുത്തുന്നു | 3-4 |
| 20 | ആരൂഢം പദ്ധതിക്ക് തുക കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ- പരിധിയിൽ കവിഞ്ഞ് തുക ചെലവഴിച്ചു- 7,882/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-6 |
| 22 | വാഹനങ്ങളുടെ ഇൻഷൂറൻസ്-സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നിർവഹിക്കേണ്ടതാണ്. | 3-7 |
| 23 | മഴക്കാല പൂർവ ശുചീകരണം-വാർഡു തല ശുചിത്വകമ്മിറ്റികൾ ചെലവു രേഖകൾ ഹാജരാക്കിയില്ല.-1,60,000/- തുക തടസ്സപ്പെടുത്തുന്നു | 3-8 |
| 24 | കരാർ പ്രവൃത്തിയുടെ പ്രതിഫലത്തുക -ഉറവിടത്തിൽ നിന്ന് ആദായനികുതി കുറവു ചെയ്തിട്ടില്ല | 3-9 |
| | ഭാഗം – 4 –പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധപത്രികകൾ | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | |
| 35 | Receipt and Payment Statement | |
| 36 | Income and Expenditure Statement | |
| 37 | BALANCE SHEET As on 31-March-2016 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.15-ന്റെ 108 /2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 7,98,380 | 1,71,26,760.82 | 1,63,28,380.00 | 2045 |
| വരവ് | 10,27,88,550 | 3,74,42,512.00 | 6,53,46,038.00 | (-)63.57 |
| ആകെ | 10,35,86,930 | 5,45,69,272.82 | 4,90,17,657.18 | (-)47.32 |
| ചെലവ് | 10,25,62,250 | 5,11,32,639.00 | 5,14,29,611.00 | (-)50.14 |
| നീക്കിയിരിപ്പ് | 10,24,680 | 34,36,633.82 | 24,11,953.80 | 235 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകളുടെ സാധ്യതകൾ യഥാർത്ഥ്യവുമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 1,71,26,760.82 |
| വരവ് | 3,74,42,512.00 |
| ആകെ | 5,45,69,272.82 |
| ചെലവ് | 5,11,32,639.00 |
| നീക്കിയിരിപ്പ് | 34,36,633.82 |

## 1-3 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട അവസാന | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സാക്ഷ്യപത്രം നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തീയതി | | | |
| 2015-16 | 31-7-2016 | 31.07.2016 | തിരിച്ചയച്ചിട്ടില്ല | വിശേഷണങ്ങളോട് കൂടിയത് |

ന്യൂനത: ബി -11 പട്ടികയിലെ ആസ്തികൾ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (ട്രാൻഫർ ക്രെഡിറ്റ് ചെയ്ത തുക ഉൾപ്പെടെ | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 27,12,601* | 96,45,910 | 1,23,58,511 | 1,23,58,511 | | 100 |
| വികസനഫണ്ട് (എസ്.സി.പി) | 6,82,017* | 5,74,000 | 12,56,017 | 12,56,017 | | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 12,09,239 | 21,47,000 | 33,56,239 | 33,56,239 | | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 9,37,614* | 65,11,000 | 74,48,614 | 74,48,614 | | 100 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 8,20,763 | 29,11,000 | 37,31,763 | 37,31,763 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37,91,403* | 39,47,948 | 77,39,351 | 77,39,351 | | 100 |
| പെർഫോമൻസ് ഗ്രാന്റ് | 21,878 | nil | 21,878 | 21,878 | -- | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 429 | 1,30,35,000 | 1,30,35,429 | 1,30,35,391 | 38 | 99.99 |
| ബി ഫണ്ട് | -- | 2,03,11,130 | 2,03,11,130 | 2,03,11,130 | | 100 |

* പുതുക്കിയത്

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 148 | 111 | 7,17,20,800 | 36,40,0161 | 18 | 19 | 75 |

## 1-6 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,34,194 | 43,99,531 | (-)2,34,618 | (-) 0.05% |
| നികുതിയേതര വരവുകൾ | 11,61,609 | 13,47,282 | 1,85,673 | 15.98 % |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 57,95,803 | 57,46,813 | 48,990 | (-)0.0084 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90,000 | 56 |
| കർഷക തൊഴിലാളി പെൻഷൻ | 23,51,760 | 382 |
| വിധവാ പെൻഷൻ | 58,93,000 | 779 |
| വാർദ്ധക്യകാല പെൻഷൻ | 88,76,970 | 1,639 |
| വികലാംഗ പെൻഷൻ | 23,07,240 | 268 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2016-ന് –വൈകുന്നേരം 4 മണിക്ക് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹1,882 ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.08.2011 മുതൽ 19.08.2011 വരെ | 2008-09 മുതൽ 2009-10 വരെ | 13.02.2012 |
| പെർഫോമൻസ് ഓഡിറ്റ് | 28.09.2016 | 01.07.2016 മുതൽ 31.08.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വളർത്തു നായകൾക്ക് ഉടമസ്ഥർ ലൈസൻസ് എടുക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത്‌രാജ് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം 4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

വളർത്തു നായകൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെപ്പ് എടുക്കുന്നതിനായി നടത്തിയ പഞ്ചായത്ത് തല ക്യാമ്പിന്റെ (പ്രോജക്ട്നം:124/15-16 പേവിഷബാധ നിയന്ത്രണം പ്രകാരം) ഭാഗമായി പേരാവൂർ ഗ്രാമപഞ്ചായത്തിലെ 407 നായകൾക്ക് കുത്തിവെപ്പ് എടുത്തിട്ടുള്ളതായി വെറ്ററിനറി സർജൻ ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഓഡിറ്റ് വർഷം ഡോഗ്സ് & പിഗ്സ് ലൈസൻസ് ഫീസായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വന്നത് 210/- രൂപ മാത്രമാണ്.

ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്ററിനറി സർജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് ചട്ട പ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 40/- രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 60/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ -2ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, -7ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ എന്നതിനു പകരം 40/- രൂപ എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമസ്ഥന്റെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിട നം/ അസസ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി( 5% ഗ്രന്ഥശാലവരി ഉൾപ്പടെ) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (5% ഗ്രന്ഥശാലവരി ഉൾപ്പടെ) | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | ചമ്പളോൻ പവിത്രൻ,ചമ്പളോൻ ഷബി ഒന്നാം നില, 5മുറി കെട്ടിടം | 12-227A 9394 | 43.43 | 2,081 | 3,120 | 1,039 | 20% വർദ്ധനവ് 5% ഇളവ് (FF) |
| | | 12-227B 9395 | 55.35 | 2,652 | 3,976 | 1,324 | 20% വർദ്ധനവ് 5% ഇളവ് (FF) |
| | | 12-227C 9396 | 34.98 | 1,676 | 2,513 | 837 | 20% വർദ്ധനവ് 5% ഇളവ് (FF) |
| | | 12-227D 9397 | 35.36 | 1,695 | 2,538 | 843 | 20% വർദ്ധനവ് 5% ഇളവ് (FF) |
| | | 12-227E 9398 | 16.39 | 786 | 1,178 | 392 | 20% വർദ്ധനവ് 5% ഇളവ് (FF) |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | പുതിയപുരയിൽ ഷൗക്കത്തലി രണ്ട് നില കെട്ടിടം, 6 മുറികൾ | 11-108A 9619 | 39.65 | 2,000 | 2,998 | 998 | 20% വർദ്ധനവ് |
| | | 11-108B 9620 | 22.96 | 1,159 | 1,737 | 578 | 20% വർദ്ധനവ് |
| | | 11-108c 9621 | 22.96 | 1,159 | 1,737 | 578 | 20% വർദ്ധനവ് |
| | | 11-108D 9622 | 39.65 | 1,900 | 2,848 | 948 | 20% വർദ്ധനവ് 5% ഇളവ് (FF) |
| | | 11-108E 9623 | 22.96 | 1,101 | 1,650 | 549 | 20% വർദ്ധനവ്5% ഇളവ് (FF) |
| | | 11-108F 9624 | 39 | 1,868 | 2,802 | 934 | 20% വർദ്ധനവ് 5% ഇളവ് (FF) |
| 3 | കൊയിറ്റിയത്ത് സന്തോഷ് കുമാർ ഒരു നില കെട്ടിടം, 3 മുറികൾ | 7-343B 9362 | 30.07 | 1,517 | 2,274 | 757 | 20% വർദ്ധനവ് |
| | | 7-343C 9363 | 30.07 | 1,517 | 2,274 | 757 | 20% വർദ്ധനവ് |
| | | 7-343D 9364 | 76.63 | 3,863 | 5,794 | 1,931 | 20% വർദ്ധനവ് |
| | ആകെ | | | | | 12,465 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.6 തീയ്യതി 14.12.16) വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വ്യത്യസ്ത ഉപയോഗങ്ങളുള്ള നിരവധി സ്ഥാപനങ്ങൾ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് കാരണം ഒരു നമ്പർ മാത്രം നൽകാൻ വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാൻ സാധിക്കില്ലെന്നും ആയതിനാൽ ഉപയോഗ ക്രമമനുസരിച്ച് ഓരോ മുറിയും ഒരു കെട്ടിടവുമായി പരിഗണിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും എല്ലാ മുറികൾക്കും കൂടി ഒരു കെട്ടിട നമ്പർ നൽകുവാൻ മാത്രമാണ് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിൽ കൂടുകയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയിൽ മേൽ നിയമ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ നികുതി പുനർനിർണ്ണയിച്ച് കുറവു വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ഓരോ അർദ്ധ വർഷവും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതിയും, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 204-ൽ II വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുന്നതോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ വ്യക്തികളിൽനിന്നും ഓരോ അർദ്ധവർഷവും മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി/ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ജീവനക്കാർ/സ്ഥാപനം |
|---|---|---|---|
| 1 | പവിത്ര ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 2 | പ്രീമിയർ ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 3 | വിജയ ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 4 | എബിസി ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 5 | ഏബിൾ ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 6 | ദേവഗായത്രി ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 7 | ഗായത്രിഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 8 | ലുലു ഫൈനാൻസ് | I &II half | ജീവനക്കാർ,സ്ഥാപനം |
| 9 | ശ്രീ ശങ്കരാചാര്യ കംപ്യൂട്ടർ എഡ്യുക്കേഷൻ സെന്റർ | I &II half | ജീവനക്കാർ,സ്ഥാപനം |
| 10 | ഗംഗ ഡ്രൈവിംഗ് സ്കൂൾ | I &II half | ജീവനക്കാർ,സ്ഥാപനം |
| 11 | കലാമന്ദിരം കോളേജ് ഓഫ് ഫൈൻ ആർട്സ് | I &II half | ജീവനക്കാർ |
| 12 | പ്രഗതി കോളേജ് | I &II half | ജീവനക്കാർ |
| 13 | ആധാരം എഴുത്ത് ഓഫീസ് | I &II half | ജീവനക്കാർ |
| 14 | കരാറുകാർ | I &II half | ജീവനക്കാർ |
| 15 | മാവേലി സ്റ്റോർ | I &II half | സ്ഥാപനം |

മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി നിയമാനുസൃതമായ പിഴയടക്കം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി - കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി ഊർജ്ജിതപ്പെടുത്തണം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 2015-16 സാമ്പത്തിക വർഷം തൻവർഷം പിരിച്ചെടുക്കാൻ ബാക്കിയുള്ളതും മുൻവർഷത്തെ കുടിശ്ശികയുമുൾപ്പെടെ വസ്തുനികുതി ഇനത്തിൽ 16,75,031/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | പിരിവ് | | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | നികുതി ഒഴിവ് | കുടിശ്ശിക | തൻവർഷം | ആകെ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11,28,539 | 32,68,159 | 43,96,698 | 8,12,407 | 18,78,844 | 26,91,251 | 30,416 | 3,16,132 | 13,58,899 | 16,75,031 |

മേൽ പട്ടിക പ്രകാരം കുടിശ്ശിക പിരിവ് 71.48%വും തൻവർഷത്തെ നികുതി പിരിവ് 57.48%വുമാണ്. കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയാകട്ടെ, നികുതി ഡിമാന്റ് ചെയ്യേണ്ട തീയതി തൊട്ട് മൂന്ന് വർഷം പൂർത്തിയാകുന്ന തീയതി മുതൽ പിരിച്ചെടുക്കാൻ കഴിയാത്ത വിധം കാലഹരണപ്പെടുകയും ചെയ്യും. പഞ്ചായത്തിന്റെ തനത് ഫണ്ട് സമാഹരണം മെച്ചപ്പെടുത്തുന്നതിനായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും മറ്റു നികുതി ഇനങ്ങൾ എന്ന പോലെ വസ്തു നികുതിയിലും 100% പിരിവ് കൈവരിക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 2-5 സ്ഥാപനതൊഴിൽ നികുതി - വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടം 6 പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വിറ്റു വരവ് കണക്കാക്കുന്നതിനായി ചട്ടം 10(1) പ്രകാരം VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് നൽകി 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കുന്നതിന് ആവശ്യപ്പെടേണ്ടതാണ്. 2015-16 കാലയളവിൽ 561 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും 81 സ്ഥാപനങ്ങൾക്ക് മാത്രമാണ് പ്രസ്തുത ചട്ട പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതി കൃത്യമായി കണക്കാക്കുന്നതിനായി മേൽ സൂചിപ്പിച്ച ചട്ട പ്രകാരമുള്ള നിർദ്ദേശം പാലിച്ച് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രത്യേക കർമ്മ പദ്ധതി ഹാജരാക്കാതെ എൻ എസ്എസ് യൂണിറ്റിന് ധനസഹായം നൽകി

| വൗച്ചർ നം /തീയതി | ഫണ്ട് | ചെക്ക് നം/തീയതി |
|---|---|---|
| 21500324/17-08-15<br>5,000/- രൂപ | തനത് ഫണ്ട് | 0793424/17-8-15 |

2015 വർഷത്തെ ഗാന്ധി ജയന്തി വാരാഘോഷത്തിന്റെ ഭാഗമായി മണത്തണ ഗവ ഹയർസെക്കൻഡറി സ്കൂൾ എൻ എസ്എസ് യൂനിറ്റ് ചെലവഴിച്ച തുക പഞ്ചായത്തിൽ നിന്നും പ്രിൻസിപ്പലിന് മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം ജി.ഒ. (ആർ ടി) 538/2010/എൽഎസ്ജിഡി തീയതി 18-2-2010 പ്രകാരം "ശുചീകരണ പ്രവർത്തനങ്ങൾ കേവലം ജയന്തി വാരാഘോഷത്തിന്റെ ഭാഗമായി മാത്രം ചെയ്യേണ്ട പ്രക്രിയ അല്ലെന്നും എല്ലാ മാസവും കാലയളവിലും കലാലയങ്ങളിലും പൊതു സ്ഥലങ്ങളിലും നടത്തേണ്ട ഒന്നാണെന്നും അതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 5,000/- രൂപ വരെ ഭരണ സമിതി തീരുമാനത്തിന് വിധേയമായും ഭരണ സമിതി അംഗീകരിച്ച പ്രത്യേക കർമ്മ പദ്ധതി അനുസരിച്ചും ചെലവ്

ചെയ്യാമെന്ന്" വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ വിധം ഭരണസമിതി അംഗീകരിച്ച പ്രത്യേക കർമ്മ പദ്ധതി ഹാജരാക്കാതെയാണ് എൻഎസ്എസ് യൂണിറ്റിന് ധനസഹായം നൽകിയത്. മണത്തണ ഗവ.ഹയർസെക്കൻഡറി സ്കൂൾ എൻഎസ്എസ് യൂനിറ്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 9/14, 10/14, 1/15 മാസങ്ങളിൽ മാത്രമേ ശുചീകരണ പ്രവർത്തനങ്ങൾ എൻഎസ്എസ് യൂനിറ്റ് സംഘടിപ്പിച്ചിട്ടുള്ളൂ. വ്യക്തമായ പ്രത്യേക കർമ്മ പദ്ധതി ഹാജരാക്കാതെയും വർഷം തോറും നീണ്ടു നിൽക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാതെയും തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.17/15-16 തീയ്യതി:16.12.16-ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം ചെലവുകൾ ഭാവിയിൽ നിയന്ത്രിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതും വ്യക്തമായ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി ഭരണസമിതി അംഗീകാരത്തിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതുമാണ്.

## 3-2 <u>വായന ശാലകൾക്ക് ദിന പത്രം വിതരണം – സാക്ഷ്യപത്രം ലഭ്യമല്ല 1428/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| വൗച്ചർ നം /തീയതി | ഫണ്ട് | ചെക്ക് നം /തീയതി |
|---|---|---|
| 21500020/10-04-15<br>4,344/- രൂപ | തനത് ഫണ്ട് | 5749/10-04-15 |

പേരാവൂർ ഗ്രാമ ഞ്ചായത്തിലെ വിവിധ വായന ശാലകൾക്ക് മാതൃഭൂമി ദിനപ്പത്രം വിതരണം നടത്തിയ വകയിൽ പത്രം ഏജന്റിന് 4,344/- രൂപ ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ ടാഗോർ വായനശാല പമ്പാളി, നവോദയ വായനശാല, പുതുശ്ശേരി എന്നീ വായനശാലകൾക്ക് 724/- രൂപ വീതം ( 181x4 =724x2=1428) 1,428/- രൂപ അനുവദിച്ചിട്ടുണ്ട്. 01-12-14 മുതൽ 31-03-15 വരെ ദിനപ്പത്രം മുടക്കം കൂടാതെ ലഭിച്ചിട്ടുണ്ടെന്നുള്ള മേൽ വായനശാല അധികാരികളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.17/15-16 തീയ്യതി:16.12.16-ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ലഭ്യമാക്കുന്നതാനെന്നും അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,428/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 <u>പഞ്ചായത്തിന്റെ ഡോക്യുമെന്ററി തയ്യാറാക്കൽ -സർക്കാർ അനുമതി ഇല്ലാതെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു</u>

<table>
<tr><td>പ്രോജക്ടിന്റെ പേര്</td><td>പഞ്ചായത്തിന്റെ ഡോക്യുമെന്ററി<br>തയ്യാറാക്കൽ</td></tr>
<tr><td>പ്രൊജക്ട് നമ്പർ</td><td>135/2015-16</td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td>സെക്രട്ടറി</td></tr>
<tr><td>അടങ്കൽ</td><td>4,00,000/- (വികസന ഫണ്ട് -ജനറൽ)</td></tr>
<tr><td>ചെലവ്</td><td>4,00,000/- (വികസന ഫണ്ട് -ജനറൽ)</td></tr>
<tr><td>ബിൽ നം /തീയതി</td><td>
<table>
<tr><th>ബിൽ നം /തീയതി</th><th>തുക</th><th>ഡിഡി നം /തീയതി</th></tr>
<tr><td>28/15-16//29-10-15</td><td>38,336</td><td>-</td></tr>
<tr><td>29/15-16//29-10-15</td><td>1,61,664</td><td>-</td></tr>
<tr><td>42/15-16//18-3-16</td><td>2,00,000</td><td>179048//22-03-06</td></tr>
<tr><td>ആകെ</td><td>4,00,000</td><td></td></tr>
</table>
</td></tr>
<tr><td>ഇൻവോയിസ് നം / തീയതി</td><td>
<table>
<tr><th>സ്ഥാപനം/ഇൻവോയിസ് നം/തീയതി</th><th>തുക</th></tr>
<tr><td>C DIT തിരുവനന്തപുരം<br>74/LSG-VD/RCKNR/2015/C DIT-2/10-03-16</td><td>4,00,000</td></tr>
</table>
</td></tr>
</table>

മേൽ പദ്ധതി പ്രകാരം C-DIT, തിരുവനന്തപുരം എന്ന കേരള സർക്കാർ സ്ഥാപനം "പേരാവൂർ പെരുമ" എന്ന ഡോക്യുമെന്ററി നിർമ്മിച്ച് പഞ്ചായത്തിനു നൽകിയിട്ടുണ്ട്. 35 മിനുട്ട് ദൈർഘ്യം വരുന്ന ഡോക്യുമെന്ററി നിർമ്മിക്കാൻ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് 4,00,000/- രൂപയാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഉത്തരവ് നം. സ.ഉ.(എം.എസ്)നം.362/2013/തസ്വഭവ തീയതി 16-11-13 പ്രകാരം മേൽ പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്താൻ അനുമതിയില്ല. മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ഇത് സംബന്ധിച്ച രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്ത് ഡോക്യുമെന്ററി നിർമ്മിച്ചത് എന്തിനാണെന്ന് വ്യക്തമല്ല. പഞ്ചായത്തിന്റെ

കഴിഞ്ഞ വർഷങ്ങളിലെ വികസനത്തെ സംബന്ധിച്ച ഡോക്യുമെന്ററി തയാറാക്കാൻ ആണ് പദ്ധതി ലക്ഷ്യമായി പദ്ധതിയിൽ പറഞ്ഞിട്ടുള്ളത്. സർക്കാർ ഉത്തരവ് നം. സ.ഉ.(എംഎസ്)നം.3206/2014/തസ്വഭവ തീയതി 05-12-2014 പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയ ശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000/- രൂപ വീതം 2014-15 വാർഷിക പദ്ധതിയുടെ തനതു ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്ത് 2014-15 വർഷം മീഡിയശ്രീ ക്ക് 65,000/- രൂപ വാർഷിക പദ്ധതിയുടെ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുമുണ്ട്.

3. സർക്കാർ ഉത്തരവ് നം. സ.ഉ.(എംഎസ്)നം. 40/2004 പ്ലാനിംഗ് തീയതി 31-03-2004 പ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ആയി നൽകുന്ന തുക, സർക്കാർ വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും 11% പലിശയ്ക്ക് എടുത്തിട്ടുള്ളതാണെന്നും ഈ തുക ചെലവഴിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജീവ ശ്രദ്ധയും അതീവ ജാഗ്രതയും പുലർത്തണമെന്നും പഞ്ചായത്തിന്റെ വികസനം ഉറപ്പു വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽ വിവരിച്ച പ്രകാരം പദ്ധതി നടപ്പിലാക്കിയത് വഴി വികസനം ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല എന്ന് വ്യക്തമാണ് .

4. ഡോക്യുമെന്ററി ഏതെങ്കിലും പ്രാദേശിക, ദേശീയ ടെലിവിഷൻ ചാനലുകളിലോ, വാർത്ത ചാനലുകളിലോ, മറ്റു ദേശീയ മാധ്യമങ്ങളിലോ ടെലികാസ്റ്റ് ചെയ്ത വിവരം, തീയതി, സമയം എന്നിവ ലഭ്യമാക്കിയിട്ടില്ല.

5. ഡോക്യുമെന്ററി ഏതെങ്കിലും പ്രാദേശിക, ദേശീയ, അന്താരാഷ്ട്രതല പ്രദർശനങ്ങളിലോ (Film Festivals)/ മേളകളിലോ പ്രദർശിപ്പിച്ച വിവരം, തീയതി, സമയം, മറ്റു വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

6. ഡോക്യുമെന്ററിയുടെ പകർപ്പവകാശം, നിയമപരമായ മറ്റു നിബന്ധനകൾ (ഇന്റർവ്യൂ, ലൊക്കേഷൻ അനുമതി, മ്യൂസിക്, ഫോട്ടോ, ആർട്ട് വർക്ക് ക്ലീയറൻസ് തുടങ്ങിയവ) എന്നിവ പാലിച്ചിട്ടുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.18/15-16 തീയ്യതി:17.12.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 4,00,000/- രൂപയുടെ ചെലവ് തടപ്പെടുത്തുന്നു.

മേൽ തുക ചെലവഴിക്കുന്നതിന് ഉപോത്ബലകമായ ഉത്തരവുകൾ ഹാജരാക്കിയും ആവശ്യമായ വിശദീകരണങ്ങൾ ലഭ്യമാക്കുകയും ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്.

## 3-4 കുടുംബശ്രീ ബാലസഭ ബാല കൌമാര കായിക പദ്ധതി – സർക്കാർ

## അനുമതി ഇല്ലാതെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു . **1,30,364/-** രൂപയുടെ ചെലവ് തടപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ ബാലസഭ ബാല കൗമാര കായിക പദ്ധതി |
| പ്രൊജക്ട് നമ്പർ | 74/2015-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 1,30,364/- |

| | ബിൽ നം/തീയതി | തുക | ഡിഡി നം/തീയതി |
|---|---|---|---|
| ബിൽ നം /തീയതി | 2/15-15//29-6-15 | 7,862 | 115328/7-7-15 |
| | 6/15-16//13-8-15 | 15,262 | 178457/17-8-15 |
| | 9/15-16//17-9-16 | 8,212 | 178546/30-9-15 |
| | 14/15-16//19-10-15 | 44,204 | 178590/19-10-15 |
| | 15/15-16//19-10-15 | 7,470 | 178591/19-10-15 |
| | 18/15-16//18-1-16 | 7,512 | 178807/18-1-16 |
| | 19/15-16//27-1-16 | 8,744 | 178889/15-2-16 |
| | 21/15-16//14-3-16 | 7,918 | 179015/- |
| | 22/15-16//14-3-16 | 8,310 | 179013/19-3-16 |
| | 25/15-16//21-3-16 | 7,498 | 179032/22-3-16 |
| | 29/15-16//28-3-16 | 7,372 | 179310/14-6-16 |

| | | | |
|---|---|---|---|
| | ആകെ | 1,30,364 | |

| | സ്ഥാപനം/ഇൻവോയിസ് നം./തീയതി | തുക | വാങ്ങിച്ച സാധനം |
|---|---|---|---|
| ഇൻവോയിസ് നം/തീയതി | 266/3-8-15<br>വിക്ടറി സ്പോർട്സ്, പേരാവൂർ | 10,200 | 18 x വോളിബോൾ<br>1 x വോളിബോൾ നെറ്റ് |
| | 267/3-8-15<br>വിക്ടറി സ്പോർട്സ്, പേരാവൂർ | 10,500 | 30 ജോഡി ഷൂസ് |
| | 228/-<br>കെവിഎസ് സ്പോർട്സ് വെയേർസ് കണ്ണൂർ | 15,600 | 30 ജോഡി ജെഴ്സി |

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 1,30,364/- രൂപ കുടുംബശ്രീ സി ഡി എസ് നടപ്പിലാക്കുന്ന കുടുംബശ്രീ ബാലസഭ ബാല കൌമാര കായിക പദ്ധതിയുടെ ഭാഗമായി 30 കുട്ടികൾക്ക് 2015-16 വർഷം വോളിബോൾ പരിശീലനം നൽകുന്നതിന്റെ ചെലവിലേക്കായി മേൽ പറഞ്ഞ പ്രകാരം നൽകിയിട്ടുണ്ട്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഉത്തരവ് നമ്പർ സ.ഉ. (എം എസ്)362/2013/തസ്വഭവ തീയതി 16-11-13 പ്രകാരം മേൽ പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്താൻ അനുമതിയില്ല. ടി ഉത്തരവിലെ ഖണ്ഡി 16 (ii) പ്രകാരം ഗ്രാമപഞ്ചായത്തിന് കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി ദീർഘവീക്ഷണത്തോടു കൂടിയും സംസ്ഥാന ജില്ല സ്പോർട്സ് കൌൺസിലുകളുടെ പങ്കാളിത്തത്തോടു കൂടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്തു നടപ്പിലാക്കുവാൻ അനുമതിയുണ്ട്. എന്നാൽ മേൽ പദ്ധതി വിഭാവനം ചെയ്തതും നടപ്പിലാക്കിയതും ഇപ്രകാരമല്ല.

2. ടി ഉത്തരവിലെ അനുബന്ധം 2 ഖണ്ഡിക 5 (ii) പ്രകാരം ഗ്രാമപഞ്ചായത്തിന് കുട്ടികളുടെ കലാകായിക മാനസിക സാംസ്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാല പഞ്ചായത്ത് ബാലസഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പദ്ധതി വിഭാവനം ചെയ്തതും നടപ്പിലാക്കിയതും മേൽപ്പറഞ്ഞ ലക്ഷ്യം മുൻനിർത്തിയല്ല. പദ്ധതിയുടെ ലക്ഷ്യം കുടുംബശ്രീ ബാലസഭ ബാല കൌമാര കായിക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുക എന്നതായിരുന്നു .

3. ടി ഉത്തരവിലെ ഖണ്ഡിക 7-2 പ്രകാരം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും ഒരു പദ്ധതിയുടെ ഭാഗമായി പരമാവധി 6 മാസത്തേക്ക് മാത്രമേ ഓണറേറിയം നൽകുന്നതിന്

അനുമതിയുള്ളൂ. എന്നാൽ നടപ്പിലാക്കിയ പദ്ധതിയിൽ 2015-16 വർഷം മുഴുവനും ഓണറേറിയം നൽകുന്നതിനായി തുക 30,000/- (2500x12=30,000) വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

4. ടി ഉത്തരവിലെ ഖണ്ഡിക 3-9-1 (5,6) പ്രകാരം ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ഷൂസ്, യൂണിഫോം എന്നിവ വിതരണം ചെയ്യുന്നതിന് അനുമതിയില്ല. എന്നാൽ നടപ്പിലാക്കിയ പദ്ധതിയിൽ 2015-16 വർഷം ഷൂസ്, യൂണിഫോം (ജെഴ്സി ) എന്നിവ വിതരണം ചെയ്യുന്നതിനായി തുക 26,100/- (350x30 =10500 + 520x30 =15600) വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത് .

5. ടി ഉത്തരവിലെ അനുബന്ധം 1 ഖണ്ഡിക 10 (i) –(vii) വരെ പ്രകാരം ഗ്രാമപഞ്ചായത്തിന് ടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾക്കൊഴികെ ഭക്ഷണ വിതരണ പദ്ധതികൾ ഏറ്റെടുക്കുവാൻ അനുമതിയില്ല. എന്നാൽ നടപ്പിലാക്കിയ പദ്ധതിയിൽ 2015-16 വർഷം ഭക്ഷണം വിതരണം ചെയ്യുന്നതിനായി തുക 64,064/- രൂപ വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

6. വോളിബോൾ കോച്ചിനെ തെരഞ്ഞെടുത്തത് മതിയായ യോഗ്യതാ മാനദണ്ഡങ്ങളുടെയും പ്രവർത്തന പരിചയത്തിന്റെയും അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമല്ല.

7. വോളിബോൾ പരിശീലനം സംബന്ധിച്ച വിശദമായ പ്രാക്ടീസ് പ്ലാൻ, പരിശീലന പുരോഗതി വിലയിരുത്തൽ രേഖ, മൂല്യ നിർണ്ണയ രേഖ, പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർഥികളുടെയും സ്കൂൾ, ക്ലാസ്സ്, തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

8. 30 ഓളം കുട്ടികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അന്വേഷണത്തിൽ നിന്നും കുട്ടികൾ എല്ലാവരും പേരാവൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ വിദ്യാർഥികൾ ആണെന്നാണ് അറിയാൻ സാധിച്ചത്. അങ്ങിനെയെങ്കിൽ സ്കൂൾതലത്തിൽ കായിക അദ്ധ്യാപകൻ ഉള്ള നിലയ്ക്ക് പദ്ധതി ഇത്തരത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതിന്റെ ആവശ്യമുണ്ടായിരുന്നോ എന്ന കാര്യം യഥാവിധി വിലയിരുത്തപ്പെട്ടിട്ടില്ല. ഇത് വഴി പരിശീലനം ഇരട്ടിപ്പിന് സാധ്യതയേറി എന്ന് ഓഡിറ്റ് സംശയിക്കുന്നു.

9. 14/15-16//19-10-15 നം. വൌച്ചർ പ്രകാരം വാങ്ങിച്ച സാധനങ്ങളുടെ സ്റ്റോക്ക് വിവരം, വിതരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

10. കുടുംബശ്രീ ലഭ്യമാക്കിയ വൌച്ചറുകളിൽ ഹോട്ടലിൽ നിന്നും ഭക്ഷണം നൽകിയതിനുള്ള അസ്സൽ ബിൽ ലഭ്യമാക്കിയിട്ടില്ല.

11. പരിശീലനം ലഭിച്ച വിദ്യർത്ഥികളിൽ എത്ര പേർ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു? പരിശീലനം ലഭിച്ച വിദ്യർത്ഥികളിൽ എത്ര പേർ ജില്ല/സംസ്ഥാന/ദേശീയതല കായിക

സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടി? പരിശീലനം ലഭിച്ച വിദ്യർത്ഥികളിൽ എത്ര പേർ ജില്ല/സംസ്ഥാന/ ദേശീയതല കായിക മേളകളിൽ പങ്കെടുത്തു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ ശരിയായ വിധം പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.8/15-16 തീയ്യതി:14.12.16- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,30,364/- രൂപയുടെ ചെലവ് തടപ്പെടുത്തുന്നു

## 3-5 ആര്രുദ്ധം പദ്ധതിക്ക് തുക കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആര്രുദ്ധം പദ്ധതി തുക കൈമാറൽ |
| പ്രൊജക്ട് നമ്പർ | 7/2015-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| അടങ്കൽ | 1,00,000/- (വികസന ഫണ്ട് –ജനറൽ) |
| ചെലവ് | 1,00,000/- (വികസന ഫണ്ട് –ജനറൽ) |
| ബിൽ നം /തീയതി | (see below) |

| ബിൽ നം/ തീയതി | തുക | DD നം /തീയതി |
|---|---|---|
| 8/15-15//10-2-16 | 1,00,000 | 178933//2-3-16 സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് |

കണ്ണൂർ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ആര്രുദ്ധം പദ്ധതിക്ക് പേരാവൂർ ഗ്രാമപഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ മേൽ പദ്ധതി പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ- പരിധിയിൽ കവിഞ്ഞ് തുക ചെലവഴിച്ചു- 7,882/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ

പ്രോജക്ട് നമ്പർ : 22/15-16

അടങ്കൽ : 66,017/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 59,882/- ബിൽ നമ്പർ 12/15-16 തീയതി 22-03-16

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 59,882/- രൂപ ചെലവഴിച്ച് 13 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും വീതം (മേശ ഒന്നിന് 3,993.76/- രൂപയും കസേര ഒന്നിന് 612.57/- രൂപയും) സിഡ്കോ, സൗത്ത് ബസാർ, കണ്ണൂരിൽ നിന്നും വാങ്ങി നൽകിയതായി കാണുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/11/2013-ലെ GO(MS)362/2013 പ്രകാരമുള്ള പരിഷ്കരിച്ച 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8(3) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 4,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. അപ്രകാരം 13 മേശയും കസേരയും വാങ്ങി നൽകുന്നതിന് 52,000/- രൂപയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 7,882/- രൂപ (59,882-52,000=7,882) അധികം ചെലവഴിച്ചതായി കാണുന്നു. മാത്രവുമല്ല മാർഗ്ഗരേഖ പ്രകാരം സ്റ്റീൽ/മരം കൊണ്ടുള്ള മേശയും കസേരയും വാങ്ങി നല്കുന്നതിനു പകരം 13 പ്ലാസ്റ്റിക് കസേരകളാണ് നൽകിയിട്ടുള്ളത്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 7,882/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>വാഹനങ്ങളുടെ ഇൻഷ്വറൻസ്-സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവഹിക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 58-4930 നമ്പർ ടാറ്റാ സുമോ വാഹനത്തിന്റെ 30.01.2016 മുതൽ 29.01.2016 വരെ കാലയളവിലെ ഇൻഷ്വറൻസ് പ്രീമിയം ആയി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ വൗച്ചർ നം.21500809 തീയതി 29.01.2016 പ്രകാരം 7,430/- രൂപ ഒടുക്കിയിട്ടുണ്ട്. ധനവകുപ്പിന്റെ 01.10.2014 തീയതിയിലെ 428/2014 നമ്പർ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ തേഡ് പാർട്ടി ഇൻഷ്വറൻസും നിർബന്ധമായും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവഹിക്കേണ്ടതാണെന്ന് 819/2000/ഫിൻ. തീയതി 18.04.2000 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 <u>മഴക്കാല പൂർവ ശുചീകരണം-വാർഡു തല ശുചിത്വകമ്മറ്റികൾ ചെലവു രേഖകൾ ഹാജരാക്കിയില്ല.-1,60,000/- തുക തടസ്സപ്പെടുത്തുന്നു</u>

വൗച്ചർ നം.21500732/31.12.2015 പ്രകാരം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും മഴക്കാല പൂർവ ശുചീകരണ പ്രവൃത്തികൾക്കായി വാർഡുതല ശുചിത്വ കമ്മറ്റികൾക്ക് 10,000/- രൂപ വീതം 1,60,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. കമ്മറ്റി കൺവീനർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് "മറ്റ് മുൻകൂറുകൾ " എന്ന ശീർഷകത്തിൽ ചെലവെഴുതി തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ശുചിത്വ മിഷനിൽ നിന്ന് അനുവദിക്കുമെന്ന് പ്രഖ്യാപിച്ച ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാനും ഫണ്ട് ലഭിക്കുന്ന മുറക്ക് അനുവദിച്ച തുക ക്രമീകരിക്കാനും എ2.8411/15/18.12.2015 നമ്പർ നടപടിക്രമമനുസരിച്ച് സെക്രട്ടറി ഉത്തരവായിരുന്നു. ശുചിത്വ മിഷനിൽ നിന്ന് 2015-16 വർഷം തുക ലഭിക്കുകയോ, ആയത് തനത് ഫണ്ടിലേക്ക് ഒടുക്കി ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും

തുക കൈപ്പറ്റിയ വാർഡ്തല ശുചിത്വ കമ്മറ്റികൾ ചെലവിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:10, തീയ്യതി 14.12.2016) മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ചെലവു തുകയായ 1,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 കരാർ പ്രവൃത്തിയുടെ പ്രതിഫലത്തുക - ഉറവിടത്തിൽ നിന്ന് ആദായനികുതി കുറവു ചെയ്തിട്ടില്ല

വൗച്ചർ നം.21511031/22.3.2016, പ്രോജക്ട് നം.56/16 – തെരുവു വിളക്ക് റിപ്പയർ - ബിൽ തുക: 99,900/-

മുകളിൽ പരാമർച്ച വിശദാംശങ്ങൾ പ്രകാരം, ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്ത ഇനത്തിൽ കരാറുകാരനായ ശ്രീലേഷ് സി., ചക്കരക്കൽ എന്നയാൾക്ക് 99,900/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരു കരാറിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെട്ട ഏതെങ്കിലുമൊരു പ്രവൃത്തിയുടെ പ്രതിഫലത്തുക നല്കുന്ന ഘട്ടത്തിൽ, ആദായ നികുതിയിനത്തിൽ 1% തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണെന്ന് ആദായ നികുതി നിയമം 194 C വകുപ്പ് അനുശാസിക്കുന്നു. മേൽ പ്രവൃത്തിയുടെ പ്രതിഫലത്തുക നൽകുമ്പോൾ ഇപ്രകാരം ആദായ നികുതി കുറവു ചെയ്തിട്ടില്ല. കരാറുകാരനിൽ നിന്നും ഈ തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കരാർ അടിസ്ഥാനത്തിൽ നിർവഹിക്കപ്പെടുന്ന എല്ലാ പ്രവൃത്തികൾക്കുമുള്ള പ്രതിഫലം നൽകുന്ന ഘട്ടത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണെന്ന കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | മുന്നിരിപ്പ് ഉൾപ്പെടെ | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷി സ്കോളർഷിപ്പ് | 2015-16 | 1,12,500 | 1,12,500 | 1,12,500 | ഇല്ല |
| ജില്ലാ | ഭിന്നശേഷി | 2015-16 | 150,000 | 1,50,000 | 1,50,000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | സ്കോളർഷിപ്പ് | | | | | |

ബി-4 പത്രികയിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | വർഷം | പ്രവൃത്തിയുടെ പേര്/വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2014-15 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 3,97,360 | -- | 3,97,360 |
| കെ.എസ്.ഇ.ബി | 2015-16 | ലൈൻ ദീർഘിപ്പിക്കൽ | 64,000 | 64,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക | തുക ഒടുക്കിയ വ്യക്തിയുടെ പേരും തസ്തികയും | രശീതി നം./ തീയതി |
|---|---|---|---|---|
| 2012-13 | ഖ. 2-1 | 750 | സെക്രട്ടറി | 11502104164/28.02.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | ₹3,74,42,512 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | ₹5,11,32,638 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,99,674 |

* Receipt & Payment Statement പ്രകാരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-2 | 1,428 | സെക്രട്ടറി |
| 3-3 | 4,00,000 | സെക്രട്ടറി |
| 3-4 | 1,30,364 | വി ഇ ഒ |
| 3-5 | 1,00,000 | ICDS സൂപ്പർ വൈസർ |
| 3-6 | 7,882 | ഹെഡ് മാസ്റ്റർ |
| 3-8 | 1,60,000 | സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-9 | 999 | സെക്രട്ടറി |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ | ഇപ്പോഴത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| പേരും ഉദ്യോഗപ്പേരും | മേൽവിലാസം | |
|---|---|---|
| വ്യക്തമായ നഷ്ടമൊന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചില്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(2) | 1 |
| 1999-2000 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(3) | 2 |
| 2000-01 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(4) | 3 |
| 2001-02 തനത് | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(7) | 2 |
| 2004-05 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(8) | 3 |
| 2005-06 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(9) | 4 |
| 2006-07 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(10) | 4 |
| 2007-08 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(11) | 4 |
| 2008-09 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(12) | 16 |
| 2009-10 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(13) | 17 |
| 2010-11 2011-12 | എൽഎഫ്.കെഎൻആർ/സി5-323/15(2) തീയതി: 07.08.2015(14) | 6 |
| 2012-13 | എൽഎഫ്.കെഎൻആർ/സി5/1038/2015 തീയതി: 25.09.2015 | 18 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൻ.ആർ.സിr5/1221/2016 തീയതി: 08.07.2016 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16

നം.കെ.എസ്.എ/കെ.എൻ.ആർ/സി11/2242/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
ഫോൺ:0497 2707698
ഇ-മെയിൽ:lfaddistofficeknr@gmail.com

തീയ്യതിഃ 07.02.2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C11/2242/2016.

Kerala State Audit Department
District Audit Office, Kannur-670 001

Phone: 0497- 2707698
e-Mail:lfaddistofficeknr@gmail.com
Dated: 07.02.2017

Certified that I have audited the annual Financial Statement of Peravoor Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Pervoor Gramapanchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

## അനുബന്ധം-2

# Receipt and Payment Statement

| | | | |
|---|---|---|---|
| | Peravoor Grama Panchayat Receipt and Payment Statement For the period from 01-April-2015 to 31-March-2016 | | |
| Code | Head Account | Schedule | Amount(Rs.) |
| | Opening Balance | | |
| | Bank | RP-40(a) | 16,913,698.82 |
| | Cash | RP-40(a) | 213,062.00 |

| | | | |
|---|---|---|---|
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,386,200.00 |
| 140000000 | Fees & User Charges | RP-4 | 781,262.00 |
| 150000000 | Sale & Hire Charges | RP-5 | 205,145.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7,215,952.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20,587,607.00 |
| 350000000 | Other Liabilities | RP-36 | 3,591,986.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 850 |
| 311000000 | Earmarked Funds | RP-29 | 8,580.00 |
| 340000000 | Deposits Received | RP-34 | 125,400.00 |
| 350000000 | Other Liabilities | RP-36 | 144,174.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,373,356.00 |
| 460000000 | Loans, Advances and Deposits | RP-47 | 22,000.00 |
| Grand Total | | | 54,569,272.82 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,269,067.00 |
| 220000000 | Administrative Expenses | RP-12 | 914,865.00 |
| 230000000 | Operations & Maintenance | RP-13 | 944,696.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 2,209,085.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 10,475,236.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,391,035.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 355,597.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 265,240.00 |
| 255000000 | Maintenance Projects | RP-20 | 9,699,410.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 87,000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2,000.00 |
| 280000000 | Prior Period Item | RP-26 | -13,856.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15,034.00 |
| 350000000 | Other Liabilities | RP-36 | 8,005,535.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 200 |
| 340000000 | Deposits Received | RP-34 | 205,341.00 |
| 350000000 | Other Liabilities | RP-36 | 1,234,756.00 |
| 410000000 | Fixed Assets | RP-38 | 4,706,056.00 |
| 412000000 | Capital Work In Progress | RP-40 | 8,016,850.00 |
| 460000000 | Loans, Advances and Deposits | RP-47 | 349,492.00 |
| | Closing Balance | | |
| | Bank | RP-40(b) | 3,030,664.82 |
| | Cash | RP-40(b) | 405,969.00 |
| Grand Total | | | 54,569,272.82 |

## അനുബന്ധം-3

# Income & Expenditure Statement

| Peravoor Grama Panchayat Income & Expenditure Statement For the period from 01-April-2015 to 31-March-2016 | | | |
|---|---|---|---|
| Code | Head Of Account | Schedule | Amount(Rs.) |
| | Income | | |
| 110000000 | Tax Revenue | I-1 | 5,027,083.00 |
| 130000000 | Rental Income from Panchayat Properties | I-3 | 259,380.00 |
| 140000000 | Fees & User Charges | I-4(b) | 907,162.00 |
| 150000000 | Sale & Hire Charges | I-5(b) | 215,545.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 61,813,451.00 |

| | | | |
|---|---|---|---|
| | Compensations | | |
| 180000000 | Other Income | I-9 | 13,850.00 |
| A | Total-Income | | 68,236,471.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 8,126,715.00 |
| 220000000 | Administrative Expenses | I-11(b) | 914,865.00 |
| 230000000 | Operations & Maintenance | I-12(b) | 944,696.00 |
| 240000000 | Interest & Finance Charges | I-13 | 200 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 4,222,039.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 20,906,522.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,391,035.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 355,597.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 20,358,370.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 9,699,410.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 87,000.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 2,000.00 |
| 270000000 | Provisions and Write off | I-16 | 2,560.00 |
| 272000000 | Depreciation | I-17(a) | 4,149,582.00 |
| B | Total-Expenditure | | 71,160,591.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | (2,924,120.00) |
| D= 280000000 | Prior Period Item | I-18 | 2,501,425.00 |
| E = C-D | Gross Surplus/Deficit of Income over Expenditure after prior | | (5,425,545.00) |
| | period items | | |
| 290000000 | Transfer to Reserve Funds | | |

| | | | |
|---|---|---|---|
| | Net Balance being surplus/deficit carried over to Balance sheet | | |
| | (Panchayat Fund) | | |

## അനുബന്ധം-4

# BALANCE SHEET As on 31-March-2016

| Peravoor Grama Panchayat BALANCE SHEET As on 31-March-2016 | | | |
|---|---|---|---|
| Code No. | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve& Surplus | | |
| 310000000 | Panchayat Fund | B-1 | (7211041.22) |
| 311000000 | Earmarked Funds | B-2 | 12295.04 |
| 312000000 | Reserves | B-3 | 49069798 |
| | Total Reserve& Surplus | | 41871051.82 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 766814 |
| | Total Grants,Contributions for specific purposes | | 766814 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 400026 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1108518 |
| | Total Current Liabilities and Provisions | | 1508544 |
| | TOTAL LIABILITIES | | 44146409.82 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50556496 |
| 411000000 | Accumulated Depreciation | B-11 | (13098536.00) |
| 412000000 | Capital Work In Progress | B-11(a) | 937455 |
| | Total Fixed Assets | | 38395415 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1676309 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 3436633.82 |
| 460000000 | Loans, Advances and Deposits | B-18 | 638052 |
| | Total Current Assets,Loans and Advances | | 5750994.82 |
| | TOTAL ASSETS | | 44146409.82 |